"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു.പയ്യന്നൂർ നിയോജക മണ്ഡലം - 2016-17 ആസ്തി വികസനം- ഭരണാനുമതി നല്കിയ എരമം നോർത്ത് ഒയോളം ചൂരൽ റോഡ് കൾവർട്ടും അപ്രോച്ച് റോഡ് നിർമ്മാണവും എന്ന പ്രവൃത്തി- ഭരണാനുമതി തുകയിൽ വ്യത്യാസം വരുത്താതെ "എരമം/കുറ്റൂർ ഗ്രാമ പഞ്ചായത്തിലെ എരമം നോർത്ത് ചൂരൽ റോഡ് കൾവർട്ട് നിർമ്മാണം" എന്ന പേരിൽ പുതുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്

**സ.ഉ.(സാധാ) നം.1243/2019/**ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/06/2019

പരാമർശം:- 1 സ.ഉ.(സാധാ)നം. 332/12/ധന തീയതി 11/06/2012
2 സ.ഉ.(സാധാ.)നം.1575/17/ത.സ്വ.ഭ.വ തിയതി 15.05.17
3 ശ്രീ.സി.കൃഷ്ണൻ എം.എൽ.എ.യുടെ 08.08.18 ലെ കത്ത്
4 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.18 ലെ ഡിബി5/13684/18/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്

ഉത്തരവ്

എരമം/കുറ്റൂർ ഗ്രാമപഞ്ചായത്തിലെ എരമം നോർത്ത് -ഒയോളം ചൂരൽ റോഡ് കൾവർട്ടും അപ്രോച്ച് റോഡ് നിർമ്മാണവും എന്ന പ്രവൃത്തിക്ക് ബഹു.പയ്യന്നൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ.സി.കൃഷ്ണൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കൾവെർട്ട്, അപ്രോച്ച് റോഡ് എന്നിവ നിർമ്മിക്കുന്ന പ്രവൃത്തികളായിരുന്നു ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതെന്നും കൾവർട്ടിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പാർശ്വ സംരക്ഷണഭിത്തികൾ നൽകുന്നതിനുമുള്ള അധിക തുക കണ്ടെത്തുന്നതിനായി നിലവിലുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടാറിംഗ് പ്രവൃത്തി ഒഴിവാക്കി പുതുക്കിയ പ്രൊപ്പോസൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചെന്നും നിലവിൽ ടാറിംഗ് നടത്താനുദ്ദേശിച്ചിരുന്ന ഭാഗത്ത് ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചിട്ടുള്ളതായും പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതി തുകയിൽ അധികരിക്കാത്ത വിധം റിവൈസ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹു. എം.എൽ.എ.

ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി തുകയിൽ വ്യത്യാസം വരുത്താതെ ടി പ്രവൃത്തി "എരമം/കുറ്റൂർ ഗ്രാമ പഞ്ചായത്തിലെ എരമം നോർത്ത് ചൂരൽ റോഡ് കൾവർട്ട് നിർമ്മാണം" എന്ന പേരിൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി റിവൈസ്ഡ് എസ്റ്റിമേറ്റും അനുബന്ധ രേഖകളും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.പയ്യന്നൂർ നിയോജക മണ്ഡലം എം.എൽ.എ.ശ്രീ. സി. കൃഷ്ണൻ അവർകളുടെ 2016-17 ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയ എരമം നോർത്ത് ഒയോളം ചൂരൽ റോഡ് കൾവർട്ടും അപ്രോച്ച് റോഡ് നിർമ്മാണവും എന്ന പ്രവൃത്തിക്ക് പരാമർശം (4) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടതിൻ പ്രകാരം ഭരണാനുമതി തുകയിൽ വ്യത്യാസം വരുത്താതെ "എരമം/കുറ്റൂർ ഗ്രാമ പഞ്ചായത്തിലെ എരമം നോർത്ത് ചൂരൽ റോഡ് കൾവർട്ട് നിർമ്മാണം" എന്ന പേരിൽ പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ശ്രീ. സി. കൃഷ്ണൻ എം.എൽ.എ, (പയ്യന്നൂർ നിയോജക മണ്ഡലം ) (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, എരമം/കുറ്റൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ധനകാര്യ വകുപ്പ് (അനൗദ്യോഗിക കത്ത് നം.490/NC-C3/35/2016/Fin തീയതി 05.03.2019)

File No.LSGD-DA1/32/2017-LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ